# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*


No.73/PR/PIC/PHQ/17                                                  Date : 05.04.2017

---

## പോലീസ് ജിഷ്ണുവിന്റെ കുടുംബത്തോടൊപ്പം

ജിഷ്ണു പ്രണോയിയുടെ വേർപാടിന് പിന്നിലുള്ള വസ്തുതകളും കാരണക്കാരേയും പൂർണ്ണമായും നിയമത്തിനു മുന്നിലെത്തിക്കുന്നതിന് പോലീസ് പ്രതിജ്ഞാബദ്ധമാണ്. ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി കാര്യങ്ങൾ പോലീസ് തുടക്കം മുതലേ സ്വീകരിച്ചിട്ടുണ്ട്. ജിഷ്ണുവിന്റെ മരണത്തിൽ കേസ് എടുക്കുകയും ഐപിഎസ് ഉദ്യോഗസ്ഥയായ കിരൺ നാരായണൻ ചീഫ് ഇൻവെസ്റ്റിഗേറ്റിങ് ഓഫീസറായുള്ള ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കുകയും ചെയ്തു. കോടതി നടപടികൾക്കായി ജിഷ്ണുവിന്റെ കുടുംബാംഗങ്ങൾ ആവശ്യപ്പെട്ട ഏറ്റവും അനുഭവസമ്പത്തുള്ള സ്പെഷ്യൽ പ്രോസിക്യൂട്ടറേയും നിയോഗിച്ചിട്ടുണ്ട്. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നിയമപരമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. ഒളിവിൽപോയ എല്ലാ പ്രതികളേയും കണ്ടെത്തുന്നതിന് മറ്റൊരു ഐപിഎസ് ഓഫീസറായ എ.അക്ബറിന്റെ നേതൃത്വത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്. സുപ്രീകോടതിയിലും ഇതിനായി പോലീസ് നിയമപരമായ പോരാട്ടം നടത്തിയിരുന്നു. സാഹചര്യതെളിവുകളുടെ അടിസ്ഥാനത്തിൽ അന്വേഷിക്കേണ്ട കേസിൽ എല്ലാ ശാസ്ത്രീയമായ അന്വേഷണവും പോലീസ് സ്വീകരിച്ചുവരികയാണ്.

ഇതിനിടയിലാണ് പോലീസ് ആസ്ഥാനത്ത് ജിഷ്ണുവിന്റെ കുടുംബാംഗങ്ങൾ സമരത്തിന് എത്തിയത്. സുരക്ഷാമേഖല എന്ന നിലയിൽ പോലീസ് ആസ്ഥാനത്ത് സമരങ്ങൾ അനുവദിക്കാറില്ല. ഇക്കാര്യം ചൂണ്ടിക്കാണിക്കുകയും സമരം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. ഇന്നുരാവിലെയും പോലീസ് ഉദ്യോഗസ്ഥർ ജിഷ്ണുവിന്റെ മാതാവിനെയും കുടുംബാംഗങ്ങളെയും കണ്ട് സമരം ഒഴിവാക്കണമെന്നും സമരത്തിന് ആധാരമായ വിഷയങ്ങൾ ഡി.ജി.പിയുമായി ചർച്ച ചെയ്യാമെന്നും ഇതിനായി ജിഷ്ണുവിന്റെ മാതാവിനും അടുത്ത ആറു ബന്ധുക്കൾക്കും അവസരം ഒരുക്കാമെന്നും അറിയിച്ചിരുന്നു. തുടർന്ന് പോലീസ് ആസ്ഥാനത്ത് എത്തിയ ഇവർ ആറുപേർക്കുപകരം 15-ഓളം പേരെ ചർച്ചയ്ക്കായി ഡി.ജി.പി. ഓഫീസിനകത്തേക്ക് കയറ്റിവിടണമെന്ന് ആവശ്യപ്പെടുകയും സുരക്ഷ മുൻനിർത്തി ഇതിനുകഴിയില്ലെന്ന് അറിയിച്ചപ്പോൾ തങ്ങളെ അറസ്റ്റ് ചെയ്ത് നീക്കണമെന്ന്

ആവശ്യപ്പെടുകയുമാണ് ഉണ്ടായത്. പുറത്തുനിന്ന് കുറേപ്പേർ ഇവർക്കൊപ്പം നുഴഞ്ഞു കയറുകയും അവർ സംഘർഷാവസ്ഥ സൃഷ്ടിക്കുകയും തുടർന്ന് പോലീസ് നിലത്ത് കിടക്കുകയായിരുന്ന ജിഷ്ണുവിന്റെ മാതാവ് ഉൾപ്പെടെ എല്ലാവരേയും സംഭവസ്ഥലത്തുനിന്ന് നീക്കം ചെയ്യുകയുമാണുണ്ടായത്. ദേഹാസ്വാസ്ഥ്യത്തെത്തുടർന്ന് ജിഷ്ണുവിന്റെ മാതാവിനെയും അമ്മാവനെയും പോലീസ് തന്നെയാണ് ആശുപത്രിയിൽ എത്തിച്ചത്. ഡി.ജി.പി., ഐ.ജി. മനോജ് എബ്രഹാം എന്നിവർ ജിഷ്ണുവിന്റെ മാതാവിനെ ആശുപത്രിയിൽ സന്ദർശിക്കുകയും എല്ലാവിധ സഹായങ്ങളും വാഗ്ദാനം ചെയ്യുകയും കേസന്വേഷണം സംബന്ധിച്ച് സംസാരിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ അന്വേഷണം സംബന്ധിച്ച അവരുടെ ആവശ്യങ്ങൾ പോലീസ് ആസ്ഥാനത്തെത്തി ഡി.ജി.പി.യുമായി ചർച്ച ചെയ്യാമെന്ന് ജിഷ്ണുവിന്റെ മാതാവും കുടുംബാംഗങ്ങളും അറിയിച്ചിട്ടുണ്ട്. സംഘർഷത്തിനിടയിൽ പരിക്കേറ്റു എന്ന പരാതി അന്വേഷിക്കുന്നതിന് ഐ.ജി. മനോജ് എബ്രഹാമിനെ നിയോഗിച്ചിട്ടുണ്ട്. കേരളത്തിന്റെ പൊതു സമൂഹത്തോടൊപ്പം കേരള പോലീസും ജിഷ്ണുവിനോടും കുടുംബത്തിനോടും ഒപ്പമുണ്ടെന്ന് അർത്ഥശങ്കക്കിടയില്ലാത്തവിധം വ്യക്തമാക്കുന്നു. എന്നാൽ സാഹചര്യം മുതലെടുത്ത് മനഃപൂർവം സംഘർഷം ഉണ്ടാക്കണമെന്ന ഉദ്ദേശത്തോടെ പുറത്തുള്ള ചിലർ ഇതിനിടയിൽ നുഴഞ്ഞുകയറുകയും സംഘർഷമുണ്ടാക്കുകയും ചെയ്തുവെന്ന് വ്യക്തമാണ്. അവരുടെമേൽ കർശനനടപടി സ്വീകരിക്കുന്നതാണ്.

************